ലോകബാങ്ക് പരിപാടിയുടെ ഭാഗമായി ഗിരിജനങ്ങൾക്കായി വയനാട്ടിലെ ബേഗൂർ റേഞ്ചിൽ 100 ഹെക്ടർ ഔഷധത്തോട്ടവും 2000 ഹെക്ടർ വിറക് തോട്ടം വെച്ചുപിടിപ്പിക്കുന്നതിനും പരിപാടിയുണ്ട്. ഇതിൽ 20 ഹെക്ടർ ഔഷധത്തോട്ടവും 40 ഹെക്ടർ വിറക്തോട്ടവും നിർമ്മിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതിനെല്ലാം പുറമേ ഗിരിജനങ്ങൾക്കായി എൻ. ആർ. ഇ. പി. പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള ക്ഷേമപ്രവർത്തനങ്ങളും നടപ്പിലാക്കുന്നുണ്ട്.

ഓയിൽപാം കോർപ്പറേഷന് വിട്ടുകൊടുത്ത വനഭൂമി

861 [1867] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓയിൽപാം കോർപ്പറേഷന് എത്ര ഹെക്ടർ വനഭൂമി സർക്കാർ കൊടുത്തു ;

(ബി) അതിൽ എത്ര ഹെക്ടർ ഭൂമിയിലെ വനം ക്ലിയർ ഫെൽ ചെയ്തുവന്നതിന്റെ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(സി) ഇതുമൂലം കോർപ്പറേഷന് എന്ത് വരുമാനമുണ്ടായി ;

(ഡി) എത്ര വർഷത്തേക്കാണ് കോർപ്പറേഷന് ഈ വനഭൂമി വിട്ടുകൊടുത്തിരിക്കുന്നത് ?

ഉത്തരം

(എ) 3702.19 ഹെക്ടർ.

(ബി) ക്ലിയർഫെല്ലിംഗ് കഴിഞ്ഞശേഷമാണ് 3702.19 ഹെക്ടർ വനഭൂമിയും വിട്ടുകൊടുത്തിട്ടുള്ളത്. ഇത് കൊല്ലം ജില്ലയിലാണ്.

(സി) വനംവകുപ്പ് ക്ലിയർഫെൽ ചെയ്തതിനുശേഷമാണ് ഓയിൽപാം കോർപ്പറേഷന് വനഭൂമി നൽകിയിട്ടുള്ളത്. അതിനാൽ ഇതുമൂലം കമ്പനിക്ക് വരുമാനമൊന്നുമില്ല.

(ഡി) 50 വർഷത്തേക്ക്.

വനവൽക്കരണത്തിന് സ്വകാര്യ ഏജൻസികളെ ഏർപ്പെടുത്തുവാനുള്ള നടപടി

862 [1868] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനവൽക്കരണത്തിന് സ്വകാര്യ ഏജൻസികളെ ഏർപ്പെടുത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ വനവൽക്കരണ പരിപാടി ആസൂത്രണം ചെയ്യാൻ ഗവൺമെന്റിന് ഉദ്ദേശമുണ്ടോ ;

(സി) ഉണ്ടെങ്കിൽ, കേരളത്തിലെ പ്രകൃതിസംരക്ഷണ പരിപാടികളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകളുടെ ഒരു സർവേ നടത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഗവൺമെന്റിന്റെ സാമ്പത്തികസഹായം ഇല്ലാതെ ഏതെങ്കിലും സന്നദ്ധസംഘടനകൾ, നശിച്ചുപോയ വനങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് തയ്യാറാകുന്നപക്ഷം അവർക്ക് ആവശ്യമായ മറ്റു സഹായവും സംരക്ഷണവും നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) സാമൂഹ്യവനവൽക്കരണ പരിപാടി സന്നദ്ധസംഘടനകളുടെ സഹകരണത്തോടുകൂടിയാണ് ഒരു പരിധിവരെ നടത്തുന്നത്.

(സി) സർവേയുടെ ആവശ്യം ഉണ്ടെന്ന് തോന്നുന്നില്ല.

(ഡി) സന്നദ്ധസംഘടനകൾ മുന്നോട്ടുവന്നാൽ ഇക്കാര്യം പരിശോധിക്കുന്നതാണ്.

കെ. എഫ്. ഡി. സി. ക്ക് വിട്ടുകൊടുത്ത വനഭൂമി

863 [1869] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫോറസ്റ്റ് ഡവലപ്പ്മെന്റ് കോർപ്പറേഷന് സർക്കാർ എത്ര ഹെക്ടർ വനഭൂമി വിട്ടുകൊടുത്തിട്ടുണ്ട് ;

(ബി) ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(സി) ഈ വനഭൂമികളിൽ ഓരോ ജില്ലയിലും എത്ര ഹെക്ടർ വീതം ക്ലിയർഫെല്ലിംഗ് നടത്തി ;

(ഡി) അതുമൂലം കോർപ്പറേഷന് എത്ര രൂപ വരുമാനമുണ്ടായി ;

(ഇ) ക്ലിയർഫെല്ലിംഗ് നടത്തിയ ഭൂമികളിൽ എത്ര ഹെക്ടറിൽ വനവൽക്കരണം നടത്തി ;

(എഫ്) അവയ്ക്ക് ഏതൊക്കെ വൃക്ഷത്തൈകളാണ് ഉപയോഗിച്ചത് ;

(ജി) വനവൽക്കരണം നടത്തിയ ഭൂമിയിൽ എത്ര ഹെക്ടർ തരിശായി ഇപ്പോഴും കിടക്കുന്നു ?

ഉത്തരം

(എ) കോള വനവികസന കോർപ്പറേഷന് സർക്കാരിൽനിന്നും ഇതുവരെ 11750 ഹെക്ടർ വനഭൂമി വിട്ടുകൊടുത്തിട്ടുണ്ട്.

(ബി) ഇവയുടെ ജില്ലതിരിച്ചുള്ള കണക്ക് താഴെ പറയും പ്രകാരമാണ്.

തിരുവനന്തപുരം	2535	ഹെക്ടർ
കൊല്ലം	3023	,,
പത്തനംതിട്ട	1246	,,
ഇടുക്കി	3548	,,
തൃശ്ശൂർ	1039	,,
പാലക്കാട്	259	,,
വയനാട്	100	,,

LIBRARY ARCHIVES Kerala Legislative Assembly